LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്തെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭങ്ങളുടെ അഭിവൃദ്ധിക്കായി സംസ്ഥാനത്തെയും ജില്ലയിലെയും മികച്ച വ്യവസായ സംരംഭങ്ങൾക്ക് ജനറൽ, വനിത, എസ്.സി./എസ്.ടി. വിഭാഗങ്ങൾക്ക് സംസ്ഥാന ജില്ലാതല അവാർഡുകൾ നൽകുന്നു. സംരംഭകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി വിശേഷ അവസരങ്ങളിൽ എക്സിബിഷനുകൾ നടത്തുന്നു. അതിനേന്ത്യാതലത്തിൽ മികച്ച ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നു. സംരംഭകർക്ക് മികച്ച മെഷീനറികൾ വാങ്ങുന്നതിനുള്ള അവസരങ്ങൾ ഒരുക്കുന്നതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ മെഷീനറി എക്സിബിഷനും നടത്തുന്നു. കിൻഫ്രയുടെ നേതൃത്വത്തിൽ മൂന്ന് സ്റ്റാൻഡേർഡ് ഡിസൈൻ ഫാക്ടറികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു. ഇത്തരത്തിലുള്ള 5 പുതിയ സംരംഭങ്ങളുടെ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ വ്യവസായ-വാണിജ്യ ഡയറക്ടറേറ്റ് മുഖേന രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകൾ, കിൻഫ്ര, സിഡ്കോ എന്നീ സ്ഥാപനങ്ങളുടെ പാർക്ക്/എസ്റ്റേറ്റുകളിൽ ആരംഭിച്ച വ്യവസായ യൂണിറ്റുകൾ മുതലായവയുടെയും ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) വൻകിട വ്യവസായങ്ങൾക്കായി പ്രത്യേകിച്ച് സൗജന്യങ്ങൾ ഒന്നും തന്നെ നൽകുന്നില്ല. എന്നാൽ വൻകിട വ്യവസായ പദ്ധതികൾ വന്നാൽ അവർക്ക് വ്യവസായം തുടങ്ങാൻ വിവിധ വകുപ്പുകളിൽ നിന്നുള്ള ക്ലിയറൻസ് കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കുന്നതാണ്. കൂടാതെ, വ്യവസായം തുടങ്ങുവാനുള്ള ധനസഹായവും, പാട്ടക്കരാർ വ്യവസ്ഥയിൽ ഭൂമിയും കെട്ടിടവും, കെ.എസ്.ഐ.ഡി.സി. മുഖേന ലഭ്യമാക്കുന്നു.

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ഐ.ഡി.സി.യുടെ സാങ്കേതിക സഹായത്തോടെ 13 വൻകിട വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്.

"വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ ചെറുകിട-ഇടത്തരം സംരംഭങ്ങൾ"

184 (6635) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. പാലോട് രവി :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എ. റ്റി. ജോർജ് :താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ നേതൃത്വത്തിൽ ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിച്ചതെന്നും വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം സഹായങ്ങളാണ് നൽകിയതെന്ന് വിശദമാക്കുമോ ;

(ഡി) പ്രസ്തുത പദ്ധതിയനുസരിച്ച് എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ തുടങ്ങുന്നതിലേക്കായി ധനസഹായവും ക്ലിയറൻസുകൾ/നിരാക്ഷേപ പത്രം/ലൈസൻസുകൾ എന്നീ കാര്യങ്ങൾ വളരെ എളുപ്പവും ലളിതവുമായ രീതിയിൽ ലഭിക്കുന്നതിന് ഈ പരിപാടി ലക്ഷ്യമിടുന്നു. ഇതിൽ ഏർപ്പെടുന്ന സംരംഭകർക്ക് ബോധവൽക്കരണ ക്ലാസ്സുകൾ, ട്രെയിനിംഗുകൾ എന്നിവ നൽകുന്നു. നിക്ഷേപം പ്രോത്സാഹിപ്പിക്കുക, തൊഴിലവസരങ്ങൾ സൃഷ്ടിക്കുക, തൊഴിലില്ലായ്മയും ദാരിദ്ര്യവും ഉന്മൂലനം ചെയ്യുക, സാമൂഹിക സാമ്പത്തിക വളർച്ച ഉറപ്പുവരുത്തുക മുതലായവ ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

(സി) സംസ്ഥാനത്ത് പുതിയ വ്യവസായ സംരംഭകരെ സഹായിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുന്നു :

1. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ജില്ലാ/താലൂക്ക്/ബ്ലോക്ക് പഞ്ചായത്ത് തലത്തിൽ സെമിനാറുകൾ, ബോധവൽക്കരണ ക്യാമ്പുകൾ, വർക്ക്ഷോപ്പുകൾ, ടെക്നോളജി ക്ലിനിക്ക് തുടങ്ങിയവയിലൂടെ സംരംഭകർക്ക് വേണ്ടുന്ന ബോധവൽക്കരണം നടത്തുന്നു.

2. സംരംഭകർക്ക് സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് സാമ്പത്തിക സഹായം ആവശ്യമെങ്കിൽ വിവിധ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭ്യമാക്കുന്നു.

3. സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് ആവശ്യമായ ലൈസൻസുകളും ക്ലിയറൻസുകളും നേടിയെടുക്കുന്നതിനുവേണ്ട സൗകര്യങ്ങൾ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിലൂടെ നൽകിവരുന്നു.

4. ക്ലസ്റ്റർ വികസന പദ്ധതിയിലൂടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ പൊതുസൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും അസംസ്കൃത വസ്തുക്കളുടെ ബാങ്ക് ആരംഭിക്കുന്നതിനും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സഹായം നൽകിവരുന്നു. വ്യവസായ സംരംഭങ്ങളിൽ അൻസിലറി ഉല്പന്നങ്ങളുടെ ഉല്പാദനത്തിന് ആവശ്യമായ പ്രോത്സാഹന സഹായങ്ങളും നൽകിവരുന്നു. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് മെച്ചപ്പെട്ട ആനുകൂല്യവുമായി നിലവിലുണ്ടായിരുന്ന 9 പദ്ധതികൾ ഏകോപിപ്പിച്ചുകൊണ്ട് സംരംഭകത്വസഹായ പദ്ധതി നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) Intensive Industrilization Drive പരിപാടിയനുസരിച്ച് 2013-14 വർഷം 2000 വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. അതിൽ 807 സംരംഭങ്ങൾ ആരംഭിക്കുകയുണ്ടായി.

ടെക്സ്റ്റയിൽ വ്യവസായം നേരിടുന്ന പ്രതിസന്ധി

185 (6636) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ടെക്സ്റ്റയിൽ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം ടെക്സ്റ്റയിൽ മില്ലുകൾ നവീകരിക്കുന്നതിനും പുനഃസംഘടിപ്പിക്കുന്നതിനും വേണ്ടി എത്ര തുക ചെലവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) പുതുതായി ടെക്സ്റ്റയിൽ മില്ലുകൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടെക്സ്റ്റൈൽ വ്യവസായം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് ഈ സർക്കാർ അധികാരമേറ്റശേഷം ബഡ്ജറ്റ് വിഹിതത്തിനുപുറമേ 60 കോടി രൂപ അധിക ധനസഹായമായി നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള ടെക്സ്റ്റൈൽ മില്ലുകളെ ശക്തിപ്പെടുത്തുന്നതിനായി ചെലവഴിച്ച തുകയുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(സി) മാള സഹകരണ സ്പിന്നിംഗ് മിൽ 1994-ൽ രജിസ്റ്റർ ചെയ്തുവെങ്കിലും പിന്നീട് ഫണ്ടിന്റെ അഭാവത്തിൽ പ്രവർത്തനം തുടങ്ങാൻ സാധിച്ചിരുന്നില്ല. ടി മിൽ കെ. കരുണാകരൻ മെമ്മോറിയൽ സഹകരണ സ്പിന്നിംഗ് മിൽ എന്ന പേരിൽ പുതുതായി പ്രവർത്തനം ആരംഭിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ പുതുതായി ടെക്സ്റ്റൈൽ മില്ലുകൾ ആരംഭിക്കുവാനുള്ള നിർദ്ദേശങ്ങൾ പരിഗണനയിലില്ല.

കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.യുടെ പ്രവർത്തനങ്ങൾ

186 (6637) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഐ.ആർ.ഇ.യുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) ഐ.ആർ.ഇ.-ക്ക് ആവശ്യമായ ഇൽമനേറ്റ് ലഭിക്കാതെ ഉൽപ്പാദനം നിർത്തിവച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly